


റിപ്പോർട്ട് ● എം. എസ്

# സാമ്രാജ്യത്വ വിരുദ്ധ സമരത്തിന് പുതിയ ദേശീയ കൂട്ടായ്മ

**ന്യൂദൽഹി:** അമേരിക്കയുമായി ആണവ സഹകരണ കരാറിലേർപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാർ മുന്നോട്ടുപോകുന്ന പശ്ചാത്തലത്തിൽ 15 സംഘടനകൾ ചേർന്നു നടത്തിയ സാമ്രാജ്യത്വവിരുദ്ധ ദേശീയ കൺവെൻഷൻ ശ്രദ്ധേയമായി. ജമാഅത്തെ ഇസ്‌ലാമിയുടെ നേതൃത്വത്തിൽ വ്യത്യസ്ത മുസ്‌ലിം സംഘടനകളും സാമൂഹിക സംഘടനകളും ചേർന്നു നടത്തിയ കൺവെൻഷനിൽ പ്രമുഖ ഇടതുപക്ഷ നേതാക്കൾ സംബന്ധിച്ചു.

ആഗസ്റ്റ് 26-ന് ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന കൺവെൻഷനിൽ ജമാഅത്തെ ഇസ്‌ലാമി ദേശീയ ശൂറാ അംഗം എസ്.ക്യൂ.ആർ ഇല്യാസ് അധ്യക്ഷത വഹിച്ചു. ആണവകരാറിന് വളരെ മുമ്പുതന്നെ തന്ത്രപരമായ സഹകരണത്തിലൂടെ ഇന്ത്യാ-അമേരിക്ക സാമ്രാജ്യത്വ ബാന്ധവം വളരുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സാമ്രാജ്യത്വത്തോടും ആണവകരാറിനോടും എതിർപ്പുള്ള ആർക്കും വന്നുചേരാവുന്ന വേദിയാണിതെന്നും അദ്ദേഹം പറഞ്ഞു.

●

**"ആണവകരാർ ഇന്ത്യയിലേക്കുള്ള സാമ്രാജ്യത്വ വരവിന്റെ ഒരു കവാടം മാത്രമാണ്. ഇതിന് വർഷങ്ങൾക്കു മുമ്പേ അമേരിക്കൻ പ്രതിരോധ സെക്രട്ടറി ഡൊണാൾഡ് റംസ് ഫെൽഡും അന്നത്തെ ഇന്ത്യൻ പ്രതിരോധ മന്ത്രി പ്രണബ് മുഖർജിയും ഒപ്പു വെച്ച പ്രതിരോധ ചട്ടക്കൂട് നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്. ഇസ്രയേലിനെപ്പോലെ ഇന്ത്യയെയും തങ്ങളുടെ ഒരു കൂട്ടാളിയാക്കാനുള്ള അമേരിക്കൻ ശ്രമത്തിന്റെ ഭാഗമാണിത്"**

●

സി.പി.എം കേന്ദ്ര കമ്മിറ്റിയംഗവും എം.പിയുമായ മുഹമ്മദ് സലീം മുഖ്യപ്രഭാഷണം നിർവഹിച്ചു. "ആണവകരാർ ഇന്ത്യയിലേക്കുള്ള സാമ്രാജ്യത്വ വരവിന്റെ ഒരു കവാടം മാത്രമാണ്. ഇതിന് വർഷങ്ങൾക്കു മുമ്പേ അമേരിക്കൻ പ്രതിരോധ സെക്രട്ടറി ഡൊണാൾഡ് റംസ് ഫെൽഡും അന്നത്തെ ഇന്ത്യൻ പ്രതിരോധ മന്ത്രി പ്രണബ് മുഖർജിയും ഒപ്പു വെച്ച പ്രതിരോധ ചട്ടക്കൂട് നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്. ഇസ്രയേലിനെപ്പോലെ ഇന്ത്യയെയും തങ്ങളുടെ ഒരു കൂട്ടാളിയാക്കാനുള്ള അമേരിക്കൻ ശ്രമത്തിന്റെ ഭാഗമാണിത്"- മുഹമ്മദ് സലീം പറഞ്ഞു.

ഇന്ത്യാ-അമേരിക്ക കാർഷിക വൈജ്ഞാനിക സഹകരണ പദ്ധതിക്കു മുമ്പുള്ള കിളിവാതിലാണ് ആണവകരാറെന്ന് സി.പി.ഐ ദേശീയ സെക്രട്ടറി അതുൽ കുമാർ അൻജാൻ പറഞ്ഞു. ജമാഅത്തെ ഇസ്‌ലാമിയുടെ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങൾ തിരിച്ചറിയപ്പെടേണ്ടതുണ്ടെന്നും മുസ്‌ലിംകളുടെ ആഗോള കാഴ്ചപ്പാട് അവരുടെ സാമ്രാജ്യത്വവിരുദ്ധ മനസ്സിന് ശക്തിപകരുന്നുണ്ടെന്നും പരിപാടിക്ക് ശേഷം മാധ്യമപ്രവർത്തകരുമായി സംവദിക്കവെ അദ്ദേഹം പറഞ്ഞു.

"യു.പി.എ സർക്കാറിനുള്ള പിന്തുണ 2007 നവംബറിൽ തന്നെ ഇടതുപക്ഷം പിൻവലിക്കേണ്ടിയിരുന്നു. എങ്കിൽ മുലായമിന് കോൺഗ്രസിനോടൊപ്പം കൂടാനും യു.പി.എക്ക് വിശ്വാസവോട്ട് നേടാനും കഴിയി

ല്ലായിരുന്നു"– ആർ.എസ്.പി എം.പി അബനി റോയ് അഭിപ്രായപ്പെട്ടു. അമേരിക്കയുമായി നയതന്ത്രബന്ധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ആണവകരാർ നടപ്പാക്കുന്ന തെന്ന് ഫോർവേഡ് ബ്ലോക്ക് ദേശീയ സെക്രട്ടറി ജി. ദേവരാജൻ അഭിപ്രായപ്പെട്ടു.

വിവിധ രാജ്യങ്ങളെ ആക്രമിച്ചു കീഴ്പ്പെടുത്തുന്ന അമേരിക്കയുടെ സ്ഥിരം കൂട്ടാളികളാവാനാണ് കോൺഗ്രസ്സും ബി.ജെ.പിയും ശ്രമിക്കുന്നതെന്ന് ജമാഅത്തെ ഇസ്‌ലാമി ദേശീയ സെക്രട്ടറി ജനറൽ നുസ്രത്ത് അലി പറഞ്ഞു. മുതലാളിത്ത സാമ്രാജ്യത്വത്തിന് ബദലാവുന്ന ഒരു പ്രത്യയശാസ്ത്രം രാജ്യത്തിനു മുമ്പാകെ സമർപ്പിച്ച് ചർച്ച ചെയ്യേണ്ടതുണ്ട്. മുൻവിധികൾ കൂടാതെ അത്തരം ചർച്ചകൾ നടത്താൻ കഴിയണമെന്നും അദ്ദേഹം പറഞ്ഞു.

6.1 ബില്യൻ യു.എസ് ഡോളർ വിലവരുന്ന ആണവ റിയാക്ടറുകൾ ഇന്ത്യക്ക് വിൽക്കാനാണ് അറീവ കമ്പനി ശ്രമിക്കുന്നതെന്ന് സൊസൈറ്റി ഫോർ ഇന്റിപെൻഡന്റ് ഫോറിൻ പോളിസി ചെയർമാനായ പ്രബീർ പുർകായസ്ത കുറ്റപ്പെടുത്തി. ഇത്രയും ഭീമമായ സംഖ്യ ചെലവഴിച്ചാലും 5–8 ശതമാനം അധിക വൈദ്യുതി മാത്രമാണ് നമുക്ക് ലഭിക്കുകയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഭീകരവേട്ടയുടെ പേരിൽ മുസ്‌ലിം സമുദായത്തെ ഇരകളാക്കുന്നതിനെതിരെ എല്ലാ നേതാക്കളും ശക്തമായി പ്രതികരിച്ചു. ജനതാദൾ(എസ്) ദേശീയ സെക്രട്ടറി ദാനിഷ് അലി, ഐ.എൻ.എൽ അഖിലേന്ത്യാ പ്രസിഡന്റ് പ്രഫ. മുഹമ്മദ് സുലൈമാൻ, പ്രശസ്ത സാമൂഹിക പ്രവർത്തകൻ സന്ദീപ് പാണ്ഡെ, ആൾ ഇന്ത്യാ മുസ്‌ലിം മജ്‌ലിസെ മുശാവറ പ്രസിഡന്റ് ഡോ. സഫറുൽ ഇസ്‌ലാം ഖാൻ, സോളിഡാരിറ്റി പ്രതിനിധി എം. സാജിദ്, ഖൗമി പാർട്ടി ഓഫ് ഇന്ത്യ പ്രസിഡന്റ് മുഹമ്മദ് ഹസ്നൈൻ, മുംബൈയിലെ സാമൂഹിക പ്രവർത്തകൻ ഫിറോസ് മിതിബോർ വാല തുടങ്ങിയവരും സംസാരിച്ചു.

ജമാഅത്തെ ഇസ്‌ലാമിക്ക് പുറമെ, ആൾ ഇന്ത്യാ മുസ്‌ലിം മജ്‌ലിസെ മുശാവറ, ഐ.എൽ.എൽ, മുസ്‌ലിം പൊളിറ്റിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ, ഇദാറേ ഫിക്റോ അമൽ , സോളിഡാരിറ്റി, എം.പി.ജെ, തേർഡ് ഫ്രീഡം സ്ട്രഗ്ൾ മൂവ്മെന്റ്, രാഷ്ട്രീയ സമാജ് പക്ഷ് തുടങ്ങിയ സംഘടനകളും സംഘാടനത്തിൽ പങ്കുവഹിച്ചു. ■